LIBRARY ARCHIVES Kerala Legislative Assembly

ശബരിമല ക്ഷേത്രത്തിന്റെയും ഭക്തജനങ്ങളുടെയും സുരക്ഷയ്ക്കായുള്ള നടപടികൾ

14(*44) ശ്രീ. പി.സി. ജോർജ്:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല പുണ്യ ക്ഷേത്രത്തിൽ ദർശനം നടത്തുന്ന ഭക്തജനങ്ങളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും മുൻഗണന നൽകാനോ, ക്ഷേത്രത്തിന്റെ പരിപാവനത മുൻനിർത്തിയുള്ള ഭരണം നടത്താനോ നിലവിലുള്ള സംവിധാനങ്ങൾക്ക് സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ;

(ബി) ശബരിമല ക്ഷേത്രത്തിന് തീവ്രവാദ ഭീഷണി നില നിൽക്കുന്നുവെന്ന് ഏതെങ്കിലും സുരക്ഷാ ഏജൻസി മുന്നറിയിപ്പ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശബരിമല ക്ഷേത്രത്തിന്റെയും പുങ്കാവനത്തിന്റെയും അതിസുരക്ഷ കണക്കിലെടുത്ത് പ്രസ്തുത പ്രദേശത്തിന്റെ പ്രധാനഭാഗം കേന്ദ്ര സർക്കാരിന് കൈമാറി പട്ടാളത്തെ ഏൽപ്പിച്ച് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) ശബരിമല തീർത്ഥാടകരുടെ ക്ഷേമത്തിനും, സുരക്ഷിതത്വത്തിനും മുൻഗണന നൽകിക്കൊണ്ട് ക്ഷേത്രത്തിന്റെ പരിപാവനത ഉറപ്പാക്കിയും സർക്കാർ എല്ലാ വർഷവും മുൻകൈയെടുത്ത് പോലീസ്, വനം, ആരോഗ്യം ജലവിഭവം, കെഎസ്.ആർ.ടി.സി. ഫയർഫോഴ്സ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ജില്ലാ ഭരണ കൂടങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങി വിവിധ വകുപ്പുകളുടെയും ദേവസ്വം ബോർഡിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ക്രമീകരണങ്ങൾ ഉറപ്പുവരുത്താറുണ്ട്. ശബരിമലയുടെ സുരക്ഷയ്ക്കായി പോലീസും ദേവസ്വം ബോർഡും ചേർന്ന് 4.72 കോടി രൂപയുടെ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. തീർത്ഥാടകരുടെ സുരക്ഷിതത്വവും സൗകര്യങ്ങളും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ശബരിമല മാസ്റ്റർപ്ലാൻ പ്രകാരമുള്ള വികസന പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ ഹൈപവർ കമ്മിറ്റിയുടെ കീഴിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷേത്ര പരിപാവനത ഉറപ്പുവരുത്തിക്കൊണ്ടുള്ള ഭരണം തന്നെയാണ് ദേവസ്വം ബോർഡ് നടത്തിവരുന്നത്.

(ബി) ഇല്ല.

(സി) പരിഗണനയിലില്ല.